പതിമൂന്നാം കേരള നിയമസഭ

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. *3071* — 03.04.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്.

## നോർക്കയിലെ ഉദ്യോഗസ്ഥർ നടത്തിയ യാത്രകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) നോർക്ക സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും, രാജ്യത്തിനു പുറത്തും എത്ര സമ്മേളനങ്ങൾ, യോഗങ്ങൾ എന്നിവ സംഘടിപ്പിച്ചു എന്ന് വിശദമാക്കാമോ ;<br>(ബി) ഏതെല്ലാം യോഗങ്ങൾ ഏതെല്ലാം സ്ഥലത്ത് എന്താവശ്യത്തിനായി നടത്തി എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും സംസ്ഥാനത്തികത്ത് 2005 ൽ നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് വച്ച് സമവായം, സമന്വയം, സമാഗമം എന്ന പേരുകളിൽ വിദേശത്തുള്ള പ്രവാസി മലയാളികൾക്കായും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പ്രവാസി കേരളീയർക്കായും തിരികെയെത്തിയ പ്രവാസി കേരളീയർക്കായും സമ്മേളനങ്ങൾ സംഘടിപ്പിച്ചിരുന്നു. 2008 ൽ പ്രവാസി മലയാളികളുടെ സംഗമം എറണാകുളത്ത് വച്ച് സംഘടിപ്പിക്കുകയുണ്ടായി. 2011 ഡിസംബർ 29-30 തീയതികളിൽ നോർക്ക - റൂട്ട്സ് പ്രവാസി കേരളീയരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായും നിക്ഷേപ സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായും തിരുവനന്തപുരത്ത് വച്ച് ഒരു സംഗമം, ഗ്ലോബൽ എൻ. ആർ. കെ. മീറ്റ് സംഘടിപ്പിച്ചിരുന്നു. ഇതിനു പുറമേ ദക്ഷിണേന്ത്യയിൽ ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേയ്ക്കായി ബംഗലൂരുവിൽ വച്ച് ഒരു സംഗമം ഒക്ടോബർ 2012 ൽ സംഘടിപ്പിച്ചിരുന്നു. |
| (സി) പ്രസ്തുത യോഗങ്ങളിൽ സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തു എന്ന് വ്യക്തമാക്കുമോ; ഓരോ യോഗത്തിലും/സമ്മേളനത്തിലും | (സി) 2011 ഡിസംബർ 29, 30 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന ഗ്ലോബൽ മീറ്റിൽ നോർക്ക വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു. |

| | | | |
|---|---|---|---|
| | പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പേരു വിവരവും സമ്മേളനത്തിന്റെ/ യോഗത്തിന്റെ മിനിറ്റ്സും ലഭ്യമാക്കുമോ ; | | 2012 ൽ ബംഗലൂരുവിൽ വച്ച് നടന്ന സംഗമത്തിൽ നോർക്ക വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ. ആർ. എസ് കണ്ണൻ പങ്കെടുത്തിരുന്നു. ഇത്തരം യോഗങ്ങൾ സംഘടിപ്പിക്കുമ്പോൾ മിനിട്ട്സ് തയ്യാറാക്കാറില്ല. യോഗത്തിലെ ചർച്ചകളിൽ പൊതുവായി ഉരുത്തിരിയുന്ന വിഷയങ്ങളിൽ പ്രസക്തമായവയിൽ തുടർനടപടികൾ സ്വീകരിക്കുകയാണ് ചെയ്യുക. |
| (ഡി) | നോർക്കയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഏതെല്ലാം ഉദ്യോഗസ്ഥർ സംസ്ഥാനത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും രാജ്യത്തിനു പുറത്തും യാത്ര ചെയ്തിട്ടുണ്ട് എന്നും, പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരുവിവരവും ഔദ്യോഗിക പദവിയും വ്യക്തമാക്കുമോ ; | (ഡി) യും (ഇ) യും (എഫ്) യും | 1996 ൽ നോർക്ക വകുപ്പ് രൂപീകൃതമായ ശേഷം വിവിധ ആവശ്യങ്ങളുടെ ഭാഗമായി വകുപ്പിലെ ഉദ്യോഗസ്ഥർ യാത്രകൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ ഉദ്യോഗസ്ഥരും നടത്തിയ യാത്രയ്ക്ക് ചെലവായ തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു. |

| ക്രമ നം. | പേരും തസ്തികയും | ചെലവായ തുക |
|---|---|---|
| 1 | ശ്രീ. ആർ. എസ്. കണ്ണൻ അഡീഷണൽ സെക്രട്ടറി | 202490/- രൂപ |
| 2 | ശ്രീ. ഗോപകുമാരൻ നായർ സെക്ഷൻ ഓഫീസർ | 62995/- രൂപ |
| 3 | ശ്രീമതി ലീമാ മാനുവൽ സെക്ഷൻ ഓഫീസർ | 4468/- രൂപ |
| 4 | ശ്രീ. അജിത് കുമാർ. പി അസി. സെക്ഷൻ ഓഫീസർ | 1840/- രൂപ |
| 5 | ശ്രീ.വിവിൽകുമാർ.എസ് അസി. സെക്ഷൻ ഓഫീസർ | 1840/- രൂപ |
| 6 | ശ്രീമതിസീനത്ത് .എസ് അസിസ്റ്റന്റ് | 1840/- രൂപ |
| 7 | ശ്രീ.പ്രതീഷ്. സി. എസ് അസിസ്റ്റന്റ് | 1840/- രൂപ |
| 8 | ശ്രീ. പ്രദീപ്ഷ്. പി. കെ ഓഫീസ് അറ്റൻഡന്റ് | 1201/- രൂപ |

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നോർക്കയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഓരോ ഉദ്യോഗസ്ഥരും നടത്തിയ ഓരോ യാത്രയുടെയും അനുമതി ഉത്തരവ്, രാജ്യത്തിന് പുറത്ത് യാത്ര നടത്തിയതിന് ഇന്ത്യാ ഗവൺമെന്റിൽ നിന്നും ലഭിച്ച അനുമതി ഉത്തരവ്, നാളിതുവരെ ഓരോ ഉദ്യോഗസ്ഥരും യാത്രയ്ക്കായി ചെലവഴിച്ച തുക പ്രത്യേകം പ്രത്യേകം ഉത്തരവുകളുടെ പകർപ്പ് സഹിതം വ്യക്തമാക്കുമോ ;

(എഫ്) വിദേശ രാജ്യങ്ങളിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും യാത്രാ വേളയിൽ അവർ ആരെയെല്ലാം സന്ദർശിച്ചുവെന്നും യാത്ര ചെയ്തതിന്റെ ഉദ്ദേശ്യം എന്താണെന്നും യാത്രയ്ക്കുശേഷം അവർ നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ജി) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റാങ്കിലുള്ള ഉദ്യോഗസ്ഥർക്കാണെന്നും നോർക്ക വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അത് ബാധകമാണോ എന്നും വ്യക്തമാക്കുമോ ?

(ജി) സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം നോർക്ക വകുപ്പിലെ ഉദ്യോഗസ്ഥർക്കും ബാധകമാണ്.

Sheeja

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്